**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിനകത്ത് സ്വർണ്ണത്തിന് ഇ -വേ ബിൽ ഏർപ്പെടുത്താമെന്ന് ജി. എസ്. ടി കൗൺസിൽ അംഗീകരിച്ചിരുന്നോ; ഇത് നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്രം രൂപീകരിച്ചിട്ടുണ്ടോ; | (എ) | HS Code- ചാപ്റ്റർ 71 ന കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും പ്രെഷ്യസ് സ്റ്റോണിന്റെയും ചരക്ക നീക്കത്തിന് ഇ-വേ ബില്ല് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (GOM) സമർപ്പിച്ച ശുപാർശപ്രകാരം, മേൽ സൂചിപ്പിച്ച സ്വർണ്ണം, പ്രെഷ്യസ് സ്റ്റോൺസ് എന്നിവയുടെ സംസ്ഥാനങ്ങൾക്കകത്തുള്ള ചരക്കു നീക്കങ്ങൾക്ക് ഇ – വേ ബിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനങ്ങൾ സി ജി എസ് ടി / എസ് ജി എസ് ടി നിയമത്തിന്റെ ചട്ടത്തിൽ 138 F എന്ന ഒരു പ്രത്യേക ചട്ടം ഉൾപ്പെടുത്താൻ 2023 ജൂലൈയിൽ നടത്തപ്പെട്ട 50-ാം മത് ജി.എസ്.ടി കൗൺസിൽ യോഗം ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര ജി എസ് ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര നോട്ടിഫിക്കേഷൻ വന്നതിനുശേഷം സംസ്ഥാന ചരക്കു സേവന നികുതി ചട്ടങ്ങളിൽ ഇത് സംബന്ധിച്ച ഭേദഗതികൾ വരുത്തി ഇ-വേ ബിൽ നടപ്പിൽ വരുത്താൻ സാധിക്കും. |
| (ബി) | ചട്ട രൂപീകരണം വൈകുന്നത് സ്വർണ്ണ മാഫിയകളെ സഹായിക്കുന്നതിനാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | **ഇല്ല.** |

സെക്ഷൻ ഓഫീസർ